കൂടാതെ ഭൂസംരക്ഷണം, ലാന്റ് റീലിംഗ്വിഷ്മെന്റ്, കൈവശരേഖാ സർട്ടിഫിക്കറ്റ് കെ.എൽ. വെണ്ടർ ലൈസൻസ് നൽകുന്നതിനുള്ള അന്വേഷണ റിപ്പോർട്ട്, അതിർത്തിതർക്കം, സർവ്വേ പ്ലാൻ, സർക്കാർ ഭൂമി കൈയേറൽ, ടൈറ്റിൽ അപ്രൂവൽ റവന്യൂ കാർഡിന്റെ വിതരണം, ഭൂപരിഷ്ക്കരണ നിയമം അനുസരിച്ചു മിച്ചഭൂമി ഏറ്റെടുത്തു സംരക്ഷണവും വിതരണവും എന്നീ ജോലികൾ അഡീഷണൽ തഹസീൽദാർമാർക്ക് നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

52 (576) റവന്യൂ കാർഡിലെ അപാകത പരിഹരിക്കുന്നതിന് നടപടി

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂകാർഡ് നിർബന്ധമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) എന്നുമുതൽക്കാണ് റവന്യൂകാർഡ് സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന റവന്യൂ കാർഡിനു വേണ്ടിയുള്ള അപേക്ഷയിൽ അവ്യക്തവും അപ്രസക്തവുമായ ചോദ്യങ്ങൾ ഉള്ളതായി പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിനും പ്രസക്തവും ആവശ്യമായതുമായ വിവരങ്ങൾ ഉൾപ്പെടുത്തി റവന്യൂകാർഡ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) റവന്യൂകാർഡ് നടപ്പിലാക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്)സംസ്ഥാനത്ത് റവന്യൂ കാർഡ് നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന അപാകതകൾ മൂലം ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക ദൂരീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നിർബന്ധമാക്കുന്ന വ്യവസ്ഥകളൊന്നുംതന്നെ 1999-ലെ റവന്യൂ കാർഡ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ചില പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണം റവന്യൂ കാർഡിനുള്ള അപേക്ഷകളുടെ വിതരണം നേരത്തേ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചില്ല. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. അതോടെ റവന്യൂ കാർഡ് സംസ്ഥാനത്ത് നിലവിൽ വരുന്നതാണ്.

(സി) ചോദ്യങ്ങളിൽ അവ്യക്തതയില്ല. ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റവന്യൂകാർഡ് സംബന്ധിച്ച ചട്ടങ്ങൾ 1999 ഡിസംബർ 29-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ 12-12-1999-ലെ സ.ഉ.(പി)503/99/റവന്യൂ നമ്പരായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(എഫ്)റവന്യൂകാർഡ് നടപ്പിലാക്കുന്നതുകൊണ്ട് എന്തെങ്കിലും അപാകതകളുണ്ടെന്ന് കരുതുന്നില്ല. റവന്യൂകാർഡിനു വേണ്ടിയുള്ള അപേക്ഷകൾ പൂരിപ്പിക്കുന്നതിലും റവന്യൂകാർഡിനെക്കുറിച്ചും ജനങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

53 (577) റവന്യൂകാർഡ് വിതരണം സംബന്ധിച്ച നടപടികൾ

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ കാർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) റവന്യൂകാർഡിനുള്ള അപേക്ഷാഫാറം ലഭിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) റവന്യൂകാർഡ് സംബന്ധിച്ച് ഗവൺമെന്റിന് എന്തെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്)പരാതി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും 31-12-2000 തീയതിക്കുമുമ്പ് റവന്യൂകാർഡ് വിതരണം ചെയ്യുവാനുള്ള ലക്ഷ്യമിട്ടുകൊണ്ട് ആവശ്യാനുസരണമുള്ള അപേക്ഷാഫാറങ്ങൾ അച്ചടിച്ച് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷാ ഫാറം തിരികെ നൽകാനുള്ള അവസാന തീയതി 31-7-2000 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷാ ഫാറങ്ങൾ തിരികെ ലഭിച്ചുകൊണ്ടിരിക്കുന്നു.

(ബി) റവന്യൂകാർഡിന്റെ വിതരണം 31-12-2000-ന് മുമ്പ് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സർക്കാർ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയും സർക്കാരിന്റെ മറ്റു സ്ഥാപനങ്ങളും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായ ഒരു ആധികാരിക രേഖ എന്ന നിലയിൽ 'റവന്യൂകാർഡ്' ഉപയോഗിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം: സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളുടെയും കുടുംബാംഗങ്ങളുടെയും പേരിലുള്ള വസ്തുവകകൾ, ബാദ്ധ്യതകൾ, വരുമാനം, ജാതി എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly